ഉത്തരം

(എ) ഉണ്ട്.

(ബി) സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മാത്രമേ ഈ പ്രവൃത്തി നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ.

ഞാറയ്ക്കൽ, മുരിക്കുംപാടം ഓവർഹെഡ് ടാങ്കുകളുടെ നിർമ്മാണം

196(2665) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജിഡ ഫണ്ട് ഉപയോഗിച്ചുള്ള ഞാറയ്ക്കൽ, മുരിക്കുംപാടം ഓവർഹെഡ് ടാങ്കുകളുടെ നിർമ്മാണം കരാറുകാരന്റെ അനാസ്ഥമൂലം വർഷങ്ങളായി തടസ്സപ്പെട്ടിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തടസ്സപ്പെട്ടു കിടക്കുന്ന പ്രസ്തുത പ്രവൃത്തികൾ പുനരാരംഭിക്കുന്നതിന് കഴിഞ്ഞ ഒരു വർഷക്കാലയളവിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) കരാറുകാരനെതിരെ ഏതെങ്കിലും തരത്തിലുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; പ്രവൃത്തികൾ പുനരാരംഭിക്കുന്നതിന് സ്വീകരിക്കുന്ന നടപടി വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) തടസ്സപ്പെട്ട് കിടക്കുന്ന പ്രസ്തുത പ്രവൃത്തികൾ നിശ്ചിത സമയത്ത് പൂർത്തിയാക്കണമെന്നുള്ള കർശന നിർദ്ദേശത്തോടുകൂടി കരാറുകാരന് പണി പൂർത്തിയാക്കുന്നതിനുള്ള കാലാവധി 31-12-2015 വരെ നീട്ടി നൽകിയിട്ടുണ്ട്. കാലാവധി നീട്ടി നൽകിയിരിക്കുന്നത് LD Clause (ലിക്വിഡേറ്റഡ് ഡാമേജസ്) പ്രകാരം പിഴ ഈടാക്കിയതിനുശേഷം മാത്രമാണ്. ഇതിൽ വീഴ്ച വരുത്തുന്നപക്ഷം കരാറുകാരന്റെ ഉത്തരവാദിത്വത്തിലും ചെലവിലും ബാക്കി പണികൾ പുനർദർഘാസ് നടത്തി പൂർത്തീകരിക്കുന്നതാണെന്നും കരാറുകാരനെ അറിയിച്ചിട്ടുണ്ട്. സൂപ്രണ്ടിംഗ് എഞ്ചിനീയർ ഓഫീസിൽനിന്ന് 3-10-2015-നും കൂടാതെ ചീഫ് എഞ്ചിനീയർ ഓഫീസിൽനിന്ന് 18-2-2015-നും 26-10-2015-നും കർശന നിർദ്ദേശം നൽകിക്കൊണ്ട് നോട്ടീസ് നൽകിയിട്ടുണ്ട്. മേൽനടപടികൾ എടുത്തിട്ടും കരാറുകാരൻ ഇതുവരെ പണി പുനരാരംഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly